# ഒബ് ജക്ടീവ് (ഒ.എം.ആർ) പരീക്ഷ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

1) പരീക്ഷ തുടങ്ങുന്നതിന് ½ മണിക്കൂറ് മുൻപ് പരീക്ഷാകേന്ദ്രത്തിൽ അവർക്ക് അനുവദിച്ച ഇരിപ്പിടത്തിൽ ഹാജരാകുക.

2) അഡ് മിഷൻ ടിക്കറ്റ് , ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്, നീല/കറുപ്പ് മഷിയുള്ള ബാൾ പോയിന്റ് പേന, റൈറ്റിംഗ് ബോർഡ് എന്നിവ മാത്രമേ പരീക്ഷാഹാളിൽ കൊണ്ടുവരാവൂ.

3) ഒപ്റ്റിക്കൽ മാർക്ക് റീഡർ (OPTICAL MARK READER – OMR) ഉപയോഗിച്ച് മൂല്യനിർണ്ണയം ചെയ്യുന്നതിനുള്ള ഉത്തരക്കടലാസുകളാണ് (OMR ANSWER SHEET) പരീക്ഷയ്ക്ക് നൽകുന്നത്.

4) ഉത്തരക്കടലാസോ ചോദ്യപുസ്തകമോ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണ /അച്ചടി വൈകല്യം ഉള്ളതാണെങ്കിൽ മാത്രം പുതിയ OMR SHEET / ചോദ്യപുസ്തകം നൽകും.

5) ഉത്തരക്കടലാസ് ദ്വാരങ്ങൾ വീഴ് ത്താതെ , നനയാതെ, വൃത്തിഹീനമാകാതെ സൂക്ഷിക്കുക.

6) OMR Sheet-ന്റെ മറുപുറത്തെ നിർദ്ദേശങ്ങൾ വായിക്കുക. ഉത്തരക്കടലാസിന്റെ മദ്ധ്യഭാഗത്തായുള്ള ബാർകോഡിൽ അടയാളങ്ങൾ വീഴ് ത്തരുത്. മറിച്ചായാൽ ഉത്തരക്കടലാസ് അസാധുവാകും.

7) ഉത്തരക്കടലാസിന്റെ ഒരു ഭാഗം (PART A) രജിസ്റ്റർ നമ്പർ, ജനനത്തീയതി, തസ്തികയുടെ പേര്, പരീക്ഷാ തീയതി എന്നിവയും ഇതര ഭാഗം (PART B) ഉത്തരങ്ങളും രേഖപ്പെടുത്തുന്നതിനുള്ളതാണ് .

8) PART A -ൽ രജിസ്റ്റർ നമ്പർ കോളത്തിലെ ചതുരക്കളത്തിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ മാത്രം പൂർണ്ണമായി കറുപ്പിക്കുകയും ചെയ്യുക.

9) ഒന്നിലധികം തസ്തികകൾക്കുള്ള പൊതു പരീക്ഷയ്ക്ക് ലഭിക്കുന്ന ഉത്തരക്കടലാസിന്റെ PART A -ൽ വെവ്വേറെ കൊടുത്തിട്ടുള്ള രജിസ്റ്റർ നമ്പർ കോളങ്ങളിൽ ഓരോ തസ്തികയ്ക്കും ഉള്ള നിങ്ങളുടെ രജിസ്റ്റർ നമ്പറുകൾ മേൽപ്പറഞ്ഞതുപോലെ എഴുതുകയും കറുപ്പിക്കുകയും ചെയ്യുക.

10) രജിസ്റ്റർ നമ്പർ അടയാളപ്പെടുത്തുന്നതിൽ തെറ്റു വരുത്തിയാൽ ഉത്തരക്കടലാസ് അസാധുവാകും; **<u>OMR SHEET മാറ്റി നല്കുന്നതല്ല.</u>**

11) നിങ്ങളുടെ ജനനത്തീയതി, PART A-യിൽ അതിനായുള്ള കോളത്തിലെ ചതുരക്കളത്തിൽ എഴുതുകയും അത് അടയാളപ്പെടുത്താനുള്ള കുമിളകൾ ഉള്ള പക്ഷം ശരിയായ കുമിളകൾ കറുപ്പിക്കുകയും ചെയ്യുക.

12) നിങ്ങൾക്ക് നല്കുന്ന ചോദ്യപുസ്തകത്തിലെ അക്ഷര കോഡ് (QUESTION BOOKLET ALPHA CODE – 'A/B/C/D') നിങ്ങൾക്കുള്ള ഇരിപ്പിടത്തിൽ രജിസ്റ്റർ നമ്പറിനൊപ്പം കാണിച്ചിരിക്കും.

13) PART B-യിൽ 'QUESTION BOOKLET ALPHA CODE' എന്ന കോളത്തിൽ, നിങ്ങൾക്ക് ലഭിച്ച ചോദ്യപുസ്തകത്തിലെ അക്ഷര കോഡ് അച്ചടിച്ചിട്ടുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക.

14) ആൽഫാ കോഡ് കുമിള കറുപ്പിക്കാതിരിക്കുകയോ അപൂർണ്ണമായി കറുപ്പിക്കുകയോ ആയാൽ ഉത്തരക്കടലാസ് അസാധുവാകും. പിഴവുകൾക്ക് ഉത്തരവാദി നിങ്ങൾ മാത്രമായിരിക്കും.

15) PART B-യിൽ ഓരോ ചോദ്യത്തിന്റേയും ഉത്തരത്തിനുള്ള കുമിള മാത്രം പൂർണ്ണമായി കറുപ്പിക്കുക.
ഉദാ: ഉത്തരം 'C' എങ്കിൽ (A) (B) ● (D)

16) ഓരോ ശരി ഉത്തരത്തിനും ഒരു മാർക്ക് വീതം ലഭിക്കും. ഒരു തെറ്റിന് 1/3 മാർക്ക് വീതം കുറവു ചെയ്യും. (നെഗറ്റീവ് മാർക്ക്).

17) ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതും ഒരിക്കൽ അടയാളപ്പെടുത്തിയ ഉത്തരങ്ങൾ തിരുത്തുന്നതും നെഗറ്റീവ് മാർക്ക് ലഭിക്കുന്നതിന് ഇടയാക്കും.

18) ഉത്തരം കണ്ടുപിടിക്കുന്നതിനായി കണക്കു കൂട്ടലുകളോ കുറിപ്പുകളോ എഴുതണമെങ്കിൽ ചോദ്യപുസ്തകത്തിന്റെ അവസാനമുള്ള വെള്ളക്കടലാസ് ഉപയോഗിക്കുക; ഉത്തരക്കടലാസിൽ ആകരുത്.

19) ഏതൊരു ഉദ്യോഗാർത്ഥിക്കും പരീക്ഷാ സമയം കഴിഞ്ഞുമാത്രമേ പരീക്ഷാഹാളിൽ നിന്നും പുറത്തു പോകാൻ അനുവാദമുള്ളൂ.

20) പരീക്ഷ എഴുതുന്നതിനുള്ള സമയം കഴിയുമ്പോൾ മാത്രം ഉത്തരക്കടലാസ് പാർട്ട് 'എ' യും പാർട്ട് 'ബി' യുമായി നിശ്ചിത സ്ഥാനത്തു കൂടി കീറി രണ്ടു ഭാഗങ്ങളും അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏല്പിക്കുക. അല്ലെങ്കിൽ ഉത്തരക്കടലാസ് അസാധുവാകും.

21) മുകളിൽ 8, 11, 13 ഇനങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുള്ള OMR SHEET ന്റെ ഒരു മാതൃക താഴെ നല്കിയിട്ടുള്ളത് കാണുക.

